## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 455 11.12.2012 ലെ മറുപടിക്ക്

### പാലക്കാട് കോച്ച് ഫാക്ടറി യാഥാർത്ഥ്യമാക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. കെ. നാരായണൻ; | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പ്മന്ത്രി) | |
| (എ) | പാലക്കാട് കോച്ച് ഫാക്ടറിക്കൊപ്പം അനുവദിച്ച റായ്ബറേലിയിലെ ഫാക്ടറി ഉദ്ഘാടനം കഴിഞ്ഞ് ആദ്യ കോച്ച് പുറത്തിറങ്ങിയിട്ടും പാലക്കാട് കോച്ച് ഫാക്ടറിയുടെ പ്രവർത്തനം ആരംഭിക്കാൻ കഴിയാത്തത് ഗൗരവമായി കാണുന്നുണ്ടോ ; | (എ) | ഉണ്ട് |
| (ബി) | ഫാക്ടറിയുടെ പ്രവർത്തനം യാഥാർത്ഥ്യമാക്കാൻ സത്വര നടപടികൾ കൈക്കൊള്ളുമോ; വിശദമാക്കുമോ ? | (ബി) | പാലക്കാട് റയിൽ കോച്ച് ഫാക്ടറി കൂട്ടുസംരംഭം മുഖേന നടപ്പിലാക്കുന്നതിന് പങ്കാളിയെ കണ്ടെത്തുന്നതിനുള്ള നടപടി ക്രമങ്ങൾ ആറ് മാസത്തിനുള്ളിൽ പൂർത്തിയാകുമെന്ന് റെയിൽവേ ബോർഡ് ചെയർമാൻ അറിയിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായി 2013-14 ലെ റയിൽവേ ബഡ്ജറ്റിൽ ആവശ്യമായ തുക വകയിരുത്തണമെന്ന ആവശ്യവും ഉൾപ്പെടുത്തി കേന്ദ്ര സർക്കാരിന് സംസ്ഥാന സർക്കാർ നിവേദനം സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ